# മാനസാന്തരപ്പെടുവിൻ

## അപ്പൊസ്തല. പ്രവൃത്തികൾ 17:30

**"എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്നു മനുഷ്യരോടു കൽപ്പിക്കുന്നു.."**

ഒരു കപ്പൽ മുങ്ങി, അല്ലെങ്കിൽ ഒരു വിമാനം തകർന്നു എന്നൊക്കെ നാം കേൾക്കുമ്പോൾ അതിനോടൊപ്പം വാർത്തയായി കേൾക്കുന്നതത്രേ ആ കപ്പലിൽ അല്ലെങ്കിൽ വിമാനത്തിൽ എത്ര പേർ ഉണ്ടായിരുന്നു, എത്ര പേർ രക്ഷപ്പെട്ടു, എന്നൊക്കെയുള്ള കണക്ക്. കപ്പൽ എങ്ങനെ മുങ്ങി, വിമാനം എങ്ങനെ തകർന്നു എന്നുള്ള വാർത്തയേക്കാൾ അധിപ്രധാനപ്പെട്ട വാർത്തയത്രേ എത്ര പേർ രക്ഷപ്പെട്ടു എന്ന കണക്ക്. ലോകം അതിന്റെ അന്ത്യത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു എന്ന് നാം ഏവരും വിശ്വസിക്കുന്നു. ഇന്ന് ലോകമെങ്ങുമായി വ്യാപിച്ചുകൊണ്ടിരിക്കുന്ന മഹാമാരിയിൽ കൂടിയും അല്ലാതെയുമായി ആയിരക്കണക്കിന്നു മനുഷ്യർ ഓരോ ദിവസവും മരിച്ചു വീഴുന്നു. ഈ മരിച്ചു വീണുകൊണ്ടിരിക്കുന്നവരിൽ എത്ര പേർക്ക് ആത്മ രക്ഷയുണ്ടായി എന്ന കണക്ക് വളരെ സുപ്രധാനം തന്നെയാണ്.

നമ്മുടെ കുടുംബത്തിലുള്ള മാതാപിതാക്കൾ, ഭാര്യ, ഭർത്താവ്, മക്കൾ, സഹോദരങ്ങൾ ഇവരെല്ലാവരും തന്നെ നമ്മെ സംബന്ധിച്ചിടത്തോളം വിലയേറിയവരാണ്. ആർക്കും നാശം വരുവാൻ നാം ആഗ്രഹിക്കുന്നില്ല. ആയതുപോലെ തന്റെ സൃഷ്ടികളാരും നശിച്ചു പോകുവാൻ സ്വർഗ്ഗത്തിലെ ദൈവവും ആഗ്രഹിക്കുന്നില്ല. തിരുവചനം ഇപ്രകാരം പറയുന്നു, **2 പത്രോസ് 3:9** "ആരും നശിച്ചു പോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ." പെന്തക്കോസ്തുനാളിൽ അപ്പൊസ്തലനായ പത്രോസ് നടത്തിയ പ്രസംഗത്തിൽ മൂവായിരം പേർ രക്ഷിക്കപ്പെടുകയുണ്ടായി. കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു എന്നു നാം വായിക്കുന്നു. രക്ഷിക്കപ്പെടുന്നത് മൂവായിരം പേർ ആയാലും ഒരു വ്യക്തി ആയാലും ദൈവത്തെ സംബന്ധിച്ചിടത്തോളം കണക്കിൽ കാര്യമുണ്ട്. അതുപോലെ മരിച്ചവരുടെ കണക്ക് നാം കേട്ടുകൊണ്ടിരിക്കുമ്പോൾ അതിൽ എത്ര പേർ രക്ഷപ്പെട്ടിട്ടുണ്ടാവും എന്നതും വളരെ സുപ്രധാനമാണ്.

പ്രിയമുള്ളവരേ, യേശു കർത്താവിനെ സ്വന്തം രക്ഷകനും, കർത്താവുമായി ജീവിതത്തിൽ അംഗീകരിക്കാത്തവരായി ആരെങ്കിലും ഇന്നീ സന്ദേശം വായിക്കുന്നുണ്ടെങ്കിൽ താങ്കൾ

എന്ന ഒരു വ്യക്തി രക്ഷിക്കപ്പെടുവാൻ ദൈവം ആഗ്രഹിക്കുന്നു. ലോകമായ കപ്പൽ ഇതാ താഴുവാൻ തുടങ്ങുന്നു. ഉറങ്ങുന്ന സോദരരെ നിദ്ര വിട്ടുണരുക, കൃപയുടെ വാതിൽ ഇതാ പൂട്ടുവാൻ തുടങ്ങുന്നു. ഓടിവന്നാലും സോദരരേ, നിങ്ങൾക്കും പ്രവേശിക്കാം. കാരണം കണക്കിൽ കാര്യമുണ്ട്. ദൈവം നമ്മെ ധാരാളമായി അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം:**

ലൂക്കോസ് 15:7

മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷം ഉണ്ടാകും

**ബ്രദർ. ബിനു ബേബി ആലപ്പുഴ 166**